**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2768** **22-01-2021 - ൽ മറുപടിയ്ക്ക്**

**മിൽമയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . വി .എസ്. ശിവകുമാർ | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് മിൽമയുടെ പ്രവർത്തനത്തിൽ എന്തൊക്കെ കാതലായ മാറ്റങ്ങൾ ആണ് കൊണ്ടുവന്നത്; വിശദമാക്കാമോ; | (എ) | കേരളത്തിലെ ക്ഷീര സംഘങ്ങളുടെ ത്രിതല സംവിധാനത്തെക്കുറിച്ച് പഠിക്കുന്നതിന് ശ്രീമതി.ലിഡ ജേക്കബ് ഐഎഎസ് അദ്ധ്യക്ഷയായി നിയോഗിച്ച വിദഗ്ദ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രധാനമായും താഴെ പറയുന്ന മാറ്റങ്ങൾ മിൽമയുടെ പ്രവർത്തനത്തിൽ കൊണ്ടു വന്നിട്ടുണ്ട്. 1. മേഖലാ യൂണിയൻ ഭരണസമിതി അംഗങ്ങളുടെ തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിലാക്കി. 2. ഓരോ ജില്ലകളിലെയും ഭരണ സമിതി അംഗങ്ങളുടെ പ്രാതിനിധ്യവും തെരഞ്ഞെടുപ്പും അതാത് ജില്ലകളിലെ പ്രതിനിധികളുടെ വോട്ടവകാശം മുഖേന മാത്രമാക്കി. 3. മേഖലാ യൂണിയൻ ഭരണസമിതി തെരഞ്ഞെടുപ്പ് ജനാധിപത്യപരവും, സുതാര്യവും ജില്ലകളിലെ അംഗസംഘങ്ങളുടെ എണ്ണത്തിന്റെ അനുപാതത്തിലുമാക്കി. 4. എല്ലാ ജില്ലകളുടെയും ആനുപാതികമായ പ്രാതിനിധ്യം ഭരണസമിതിയിൽ ഉറപ്പുവരുത്തി. 5. കേരള സഹകരണ നിയമം, ചട്ടം എന്നിവയിൽ ആവശ്യമായ ഭേദഗതികൾ / കൂട്ടിച്ചേർക്കലുകൾ വരുത്തുകയുണ്ടായി. 6. മേഖലാ യൂണിയനുകളിലെ നിയമനങ്ങൾ കൂടുതൽ സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിന് ഗവ. സെക്രട്ടറി അദ്ധ്യക്ഷനായി റിക്രൂട്ട്മെന്റ് കമ്മിറ്റി രൂപീകരിച്ചു. 7. ആപ്കോസ് നിയമാവലി പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ പ്രാഥമിക ക്ഷീര സംഘങ്ങൾക്കും അംഗത്വം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. |
| (ബി) | ശ്രീമതി ലിഡ ജേക്കബ് ചെയർപേഴ്സണായി രൂപീകരിച്ച കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ പൂർണ്ണരൂപത്തിൽ നടപ്പിലാക്കിയോ; ഇല്ലെങ്കിൽ ഇതിൽ ഏതെല്ലാം ശിപാർശകളാണ് നടപ്പിലാക്കുവാനുള്ളത്; | (ബി) | ശ്രീമതി.ലിഡാ ജേക്കബ് ചെയർപേഴ്സണായി രൂപീകരിച്ച കമ്മിറ്റി റിപ്പോർട്ടുകൾ വളരെ സമഗ്രവും ഈ മേഖലയിലെ യഥാർത്ഥ പ്രതിസന്ധികൾക്കുള്ള പരിഹാരം നിർദ്ദേശിക്കുന്നതുമായിരുന്നു. ഈ റിപ്പോർട്ടിൽ പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന വിഷയങ്ങളും നടപ്പിലാക്കേണ്ട രീതിയും പ്രായോഗികതയും സംബന്ധിച്ച് |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥതലത്തിൽ പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് 7 അംഗസമിതിയെ നിയോഗിച്ചു. ഈ ഹൈ ലെവൽ കമ്മിറ്റിയിൽ രജിസ്ട്രാർ (ഡയറി), മാനേജിംഗ് ഡയറക്ടർ (KCMMF), ജോയിന്റ് സെക്രട്ടറി (ക്ഷീരവികസനം, മൃഗസംരക്ഷണം), ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, ഡീൻ, ഫാക്കൽറ്റി ഓഫ് ഡെയറി സയൻസ് (KVASU), ജോയിന്റ് ഡയറക്ടർ (ജനറൽ), മാനേജിംഗ് ഡയറക്ടർ, (കെ.എൽ.ഡി.ബോർഡ്) എന്നിവർ ഉൾപ്പെടുന്നു. ഈ ഉന്നത തല കമ്മിറ്റി ഒക്ടോബർ 2019-ന് റിപ്പോർട്ട് സമർപ്പിക്കുകയും സർക്കാരിൽ 2020 മാർച്ച് മാസം ലഭ്യമാക്കുകയുമുണ്ടായി. ആയത് സംബന്ധിച്ച് വിശദമായ പഠനം നടത്തുകയും ഇതിൽ നടപ്പിലാക്കാൻ കഴിയുന്ന വിഷയങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്. ക്ഷീര മേഖലയുമായി ബന്ധപ്പെട്ട് റിപ്പോർട്ടിലെ പ്രധാനമായും നടപ്പിലാക്കാത്ത ശിപാർശകൾ താഴെ പറയുന്നവയാണ്. ഇവ സർക്കാരിന്റെ പരിഗണനയിലാണ്. 1. മേഖലാ യൂണിയനുകളിലെ നിയമനങ്ങൾ പി.എസ്.സിയ്ക്ക് വിടുക. 2. അംഗസംഘങ്ങൾ മേഖലാ യൂണിയനിൽ എടുക്കുന്ന ഓഹരി തുകയ്ക്ക് ആനുപാതികമായ ലാഭവിഭജനം നൽകുക 3. R&D വിംഗ് കൂടുതൽ പ്രഫഷണലുകളെ ഉൾപ്പെടുത്തി കൂടുതൽ ശാക്തീകരിക്കുക 4. ഡയറികളിലും കാലിത്തീറ്റ ഫാക്ടറികളിലും പെർഫോർമൻസ് ഓഡിറ്റും ടെക്നിക്കൽ ഓഡിറ്റും ഏർപ്പെടുത്തുക. 5. ഫെഡറേഷന് കീഴിൽ എല്ലാ മേഖലാ യൂണിയനുകളിലേയും ഫെഡറേഷനിലെയും അസിസ്റ്റന്റ് മാനേജർ മുതൽ മുകളിലോട്ടുള്ള തസ്തിക പൊതു കേഡറിൽ കൊണ്ടുവരിക. 6. ഫെഡറേഷനിലെ പ്രോഗ്രാം കമ്മിറ്റി ശക്തിപ്പെടുത്തുക. 7. മേഖലായൂണിയന്റെ ഭരണസമിതി അംഗങ്ങളുടെ കാലാവധി പരമാവധി മൂന്ന് term ആയി നിജപ്പെടുത്തുക 8. പ്രാഥമിക ക്ഷീരസംഘം ജീവനക്കാർക്ക് മെച്ചപ്പെട്ട വേതനം നൽകുന്നതിലേയ്ക്ക് പാൽ വില്പനവിലയുടെ കുറഞ്ഞത് 6 ശതമാനമെങ്കിലും ക്ഷീരസംഘങ്ങൾക്ക് നൽകണം. 9. കാലിത്തീറ്റ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നിയമ നിർമ്മാണം നടത്തുക. |
| (സി) | മിൽമ മേഖലാ യൂണിയനുകളിലെ നിയമനപ്രക്രിയ നിലവിൽ എപ്രകാരമാണ്; ആയത് സുതാര്യവും അഴിമതിരഹിതവും ആക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത്; | (സി) | മേഖലാ യൂണിയനുകളിലെ നിയമനപ്രക്രിയ നിലവിൽ റിക്രൂട്ട്മെന്റ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് നടത്തി വരുന്നത്. മേഖലാ യൂണിയനുകളിലെ നിയമനം സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിന് ക്ഷീര വികസന വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ G.O (Rt) |

| | | | |
|---|---|---|---|
| | | | No 117/2018/DD dated 21.11.2018 പ്രകാരം റിക്രൂട്ട്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | ക്ഷീര സഹകരണ സംഘങ്ങൾക്കായി എന്തെങ്കിലും പുതിയ പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്. പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു: 1. ക്ഷീര സഹകരണ സംഘങ്ങളുടെ ഊർജ്ജ പരിപാലന പദ്ധതിയുടെ ഭാഗമായി വരൾച്ചയെ നേരിടുന്നതിനായി മഴവെള്ളസംഭരണി സ്ഥാപിക്കുന്നതിനുള്ള ധനസഹായ പദ്ധതി ആരംഭിച്ചു. 2. വൈയ്ക്കോൽ / പച്ചപ്പുൽ എന്നിവ കർഷകർക്ക് ലഭിക്കുന്നതിൽ ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയമായി കൂടുതൽ വില നൽകേണ്ടി വരുന്ന ഒരു സാഹചര്യമുണ്ടായിരുന്നു. ക്ഷീര സംഘങ്ങളിലൂടെ കുറഞ്ഞ വിലയ്ക്ക് വൈയ്ക്കോൽ, പച്ചപ്പുൽ എന്നിവ സംഭരിച്ച് ക്ഷീര കർഷകർക്ക് വിതരണം നടത്തുന്നതിന് പദ്ധതി നടപ്പിലാക്കി 3. പാൽ ശീതീകരിക്കുന്നതിനും, മറ്റും ആവശ്യമായി വരുന്ന വൈദ്യുതി ചാർജ്ജ് പല സംഘങ്ങൾക്കും താങ്ങാവുന്നതിൽ അധികമാണ്. ഇതിന് ഒരു പരിഹാരം കാണുന്നതിനായി ക്ഷീരസഹകരണ സംഘങ്ങൾക്ക് സോളാർ പവർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 4. ക്ഷീരസഹകരണ സംഘങ്ങളുടെ മലിനീകരണ നിയന്ത്രണത്തിനായി low cost ETP സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 5. കൂടുതൽ സംഘങ്ങളെ യന്ത്രവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 6. ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനം ഏകീകരിക്കുന്നതിനും, അക്കൗണ്ടിംഗ് കുറ്റമറ്റതാക്കുന്നതിനും, പാൽ സംഭരണം ഗുണനിലവാര നിർണ്ണയം, പാൽ വില നിശ്ചയിക്കൽ എന്നിവ സുതാര്യമാക്കുന്നതിനും ക്ഷീരസംഘങ്ങളെ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും, വെബ് അധിഷ്ഠിത യൂണിഫൈഡ് സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന് നാഷണൽ ഇൻഫർമാറ്റിക് സെന്ററുമായി കരാറിലേർപ്പെടുകയും, സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നു. സമീപഭാവിയിൽ തന്നെ ക്ഷീരസഹകരണ സംഘങ്ങൾ വകുപ്പിന്റെ വിവിധ തലങ്ങളിലുള്ള ഓഫീസുകൾ, മേഖലാ യൂണിയനുകൾ, സഹകരണ ഓഡിറ്റ് വിഭാഗം എന്നിവ ഈ സോഫ്റ്റ് വെയറിലൂടെ സംയോജിപ്പിക്കാൻ സാധിക്കുന്നതാണ്. 7. വിജ്ഞാനവ്യാപന പ്രവർത്തനത്തിനുള്ള ഒരു ഹബ്ബായും, ക്ഷീരസഹകരണ സംഘങ്ങളെ ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്. 8. ക്ഷീരസംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിനുള്ള ധനസഹായ പദ്ധതി ആരംഭിച്ചു. 9. |

| | | | |
|---|---|---|---|
| | | | ക്ഷീരസഹകരണ സംഘങ്ങളിലൂടെ ക്ഷീരമേഖലയെ സമ്പുഷ്ടീകരിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ “Comprehensive Co-operative Propaganda Programme” എന്ന ബൃഹത് പദ്ധതി നടപ്പിലാക്കി. 10. ക്ഷീരസംഘങ്ങളിലെ വനിതകളുടെ പങ്കും പ്രാതിനിധ്യവും അവലോകനം ചെയ്യുന്നതിനായി ക്ഷീര സഹകരണ മേഖലയിൽ വനിതാ സർവ്വേ പൂർത്തീകരിച്ചു. 11. ക്ഷീരസഹകരണ സംഘങ്ങളിൽ സംഭരിക്കുന്നതും, കൈകാര്യം ചെയ്യുന്നതും വിപണനം ചെയ്യുന്നതുമായ പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനു വേണ്ടി സംഘങ്ങളിൽ ലാബ് സൗകര്യം നടപ്പിലാക്കി വരുന്നു. ഇതു കൂടാതെ, മിൽക്ക് ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഡ്രൈവ് എന്ന ത്രൈമാസ പദ്ധതിയും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ